**കേരള സർക്കാർ**

**സംഗ്രഹം**

കൊല്ലം ജില്ലയിലെ പുനലൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് പാട്ടത്തിനു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.634/2018/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം : 07/03/2018

---

പരാമർശം:- 1. പുനലൂർ നഗരസഭാ കൗൺസിലിന്റെ 21/08/2017 ലെ 19-ാം നമ്പർ തീരുമാനം.
2. നഗരകാര്യ ഡയറക്ടറുടെ 08/11/2017 ലെ ജി3- 32589/2017 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ പുനലൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള, പുനലൂർ വില്ലേജ്, സർവ്വെ നമ്പർ 411/1-3, 411/1-4 എന്നിവയിൽപ്പെട്ട 50 സെന്റ് സ്ഥലം, തീയറ്റർ സമുച്ചയം നിർമ്മിക്കുന്നതിനായി, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് സർക്കാർ അനുമതിക്ക് വിധേയമായി, 30 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകുന്നതിന് നഗരസഭാ കൗൺസിൽ പരാമർശം ഒന്ന് പ്രകാരം തീരുമാനമെടുത്തിരുന്നു. പാട്ടത്തിനു നൽകുവാനുദ്ദേശിക്കുന്ന 50 സെന്റ് സ്ഥലം പുനലൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള 411/1-3, 411/1-4 എന്നീ സർവ്വെ നമ്പരുകളിലെ 26.31 ആർ വിസ്തീർണ്ണമുള്ള വസ്തുവിൽ ഉൾപ്പെട്ടുവരുന്നതാണ് എന്നും, ബി.ടി.ആർ. പ്രകാരം നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണെങ്കിലും 2008 ന് മുമ്പ് തന്നെ നികന്ന് കിടക്കുന്നതാണെന്ന് പുനലൂർ വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് എന്നും പരാമർശം (2) പ്രകാരം നഗരകാര്യ ഡയറക്ടർ അറിയിക്കുകയുണ്ടായി. സർക്കാർ അനുമതിയ്ക്കായുള്ള നഗരസഭാ സെക്രട്ടറിയുടെ അപേക്ഷ നഗരകാര്യ ഡയറക്ടറുടെ ശിപാർശ സഹിതം പരാമർശം (2) പ്രകാരം ലഭ്യമാകുകയുണ്ടായി .

2. പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. പുനലൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള പുനലൂർ താലൂക്ക്, പുനലൂർ വില്ലേജിലെ സർവ്വെ നമ്പർ 411/1-3, 411/1-4 എന്നിവയിലുൾപെട്ട 26.31 ആർ വസ്തുവിൽ നിന്നും 50 സെന്റ് സ്ഥലം, തീയറ്റർ സമുച്ചയം നിർമ്മിക്കുന്നതിനായി മുപ്പത് വർഷത്തേയ്ക്ക് പാട്ട വ്യവസ്ഥയിൽ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് നിയമാനുസൃത കരാർ പ്രകാരം വിട്ടുനൽകുന്നതിന് 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്, വകുപ്പ് 215(1) പ്രകാരം പുനലൂർ നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു. പ്രസ്തുത കൈമാറ്റം 2000 ലെ കേരള മുനിസിപ്പാലിറ്റി ( വസ്തു ആർജ്ജിക്കലും

കയ്യൊഴിക്കലും) ചട്ടങ്ങൾ, ചട്ടം 7 ൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം, ടി ചട്ടങ്ങളിലെ അനുബന്ധം III ലെ ഫാറം III ന് അനുസൃതമാണെന്ന് നഗരസഭ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
ഡെപ്യൂട്ടി സെക്രട്ടറി

1. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
2. പ്രസിഡന്റ് / സെക്രട്ടറി, പുനലൂർ നഗരസഭ, കൊല്ലം.
3. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, തിരുവനന്തപുരം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ് / എൽ.ബി.എ / എ & ഇ ), തിരുവനന്തപുരം.
5. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
6. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
7. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
8. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ